# യുഎഇ ഖത്തർ സന്ദർശനത്തിന് മുമ്പുള്ള പ്രധാനമന്ത്രിയുടെ പ്രസ്താവന

ഫെബ്രുവരി 13, 2024

ഫെബ്രുവരി 13-14 തീയതികളിൽ ഞാൻ യുണൈറ്റഡ് അറബ് എമിറേറ്റ്സും ഫെബ്രുവരി 14-15 തീയതികളിൽ ഖത്തറും സന്ദർശിക്കുകയാണ്. ഇത് 2014-ന് ശേഷം യുഎഇയിലേക്ക് ഞാൻ നടത്തുന്ന ഏഴാമത്തെ സന്ദർശനവും ഖത്തറിലേക്കുള്ള രണ്ടാമത്തെ സന്ദർശനവുമാണ്.

കഴിഞ്ഞ ഒമ്പത് വർഷമായി, വ്യാപാരവും നിക്ഷേപവും, പ്രതിരോധവും സുരക്ഷയും, ഭക്ഷ്യ-ഊർജ്ജ സുരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ വിവിധങ്ങളായ മേഖലകളിൽ യുഎഇയുമായുള്ള നമ്മുടെ സഹകരണം പലമടങ്ങ് വളർന്നിട്ടുണ്ട്. നമ്മുടെ സാംസ്കാരിക ബന്ധവും ജനങ്ങൾ തമ്മിലുള്ള ഇടപെടലും എന്നത്തേക്കാളും ശക്തമാണ്.

അബുദാബിയിൽ വച്ച് യുഎഇ പ്രസിഡന്റ് ഷെയ്ക്ക് മുഹമ്മദ് ബിൻ സയെദ് അൽ നഹ്യാനുമായി ഞാൻ കൂടിക്കാഴ്ച നടത്തുന്നുണ്ട്. സമഗ്രമായ തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തമാക്കാനുള്ള ചർച്ചകൾ നടക്കും. അടുത്തിടെ ഗുജറാത്തിൽ വച്ച് ഷെയ്ക്ക് നഹ്യാന് ആതിഥ്യമൊരുക്കാൻ എനിക്ക് കഴിഞ്ഞിരുന്നു. വൈബ്രന്റ് ഗുജറാത്ത് ആഗോള സമ്മേളനം 2024-ലെ മുഖ്യ അതിഥി ആയിരുന്നു അദ്ദേഹം.

യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മുക്തോമിന്റെ ക്ഷണം സ്വീകരിച്ച് 2024 ഫെബ്രുവരി 14-ന് ദുബായിൽ നടക്കുന്ന ലോക സർക്കാർ ഉച്ചകോടിയെ ഞാൻ അഭിസംബോധന ചെയ്യും. ഉച്ചകോടിയോട് അനുബന്ധിച്ച് പ്രധാനമന്ത്രി ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദുമായുള്ള കൂടിക്കാഴ്ചയിൽ ദുബായുമായുള്ള വിവിധ മേഖലകളിലെ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യും.

സന്ദർശന വേളയിൽ, അബുദാബിയിൽ ആദ്യത്തെ ഹിന്ദു മന്ദിറും ഞാൻ ഉദ്ഘാടനം ചെയ്യും. ഇന്ത്യയും യുഎഇയും പങ്കിടുന്ന ഐക്യത്തിന്റെയും സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും മൂല്യങ്ങൾക്കുള്ള എക്കാലത്തേക്കുമുള്ള ആദരവാണ് ബാപ്സ് ക്ഷേത്രം.

അബുദാബിയിൽ നടക്കുന്ന പ്രത്യേക പരിപാടിയിൽ യുഎഇയിലെ എല്ലാ എമിറേറ്റുകളിൽ നിന്നുമുള്ള ഇന്ത്യൻ സമൂഹത്തെ ഞാൻ അഭിസംബോധന ചെയ്യും.

ഖത്തറിൽ വച്ച് അമീർ ഷെയ്ക്ക് തമിം ബിൻ ഹമദ് അൽ താനിയുമായി ഞാൻ കൂടിക്കാഴ്ച നടത്തും. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അത്ഭുതകരമായ വളർച്ചയും മാറ്റവുമാണ് ഖത്തറിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഖത്തറിലെ മറ്റ് ഉന്നത നേതാക്കളുമായും ഞാൻ കൂടിക്കാഴ്ച നടത്തുന്നുണ്ട്.

ചരിത്രപരമായ അടുപ്പവും സൗഹൃദവുമാണ് ഇന്ത്യയും ഖത്തറും തമ്മിലുള്ളത്. സമീപ വർഷങ്ങളിൽ, രണ്ടു രാജ്യങ്ങളും തമ്മിൽ ഉന്നത തല രാഷ്ട്രീയ ബന്ധങ്ങളിലും വ്യാപാര വളർച്ചയിലും നിക്ഷേപത്തിലും ഊർജ്ജ മേഖലയിലെ പങ്കാളിത്തം ശക്തിപ്പെടുത്തലിലും സാംസ്കാരിക, വിദ്യാഭ്യാസ രംഗത്തെ സഹകരണത്തിലും ഉൾപ്പെടെ വിവിധങ്ങളായ മേഖലകളിൽ ബന്ധം കൂടുതൽ ദൃഢമാകുന്നത് തുടരുകയാണ്. ദോഹയിലുള്ള 800,000-ൽ അധികം വരുന്ന ഇന്ത്യക്കാർ ജനങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധത്തിന് തെളിവാണ്.

**ന്യൂഡൽഹി**
**ഫെബ്രുവരി 13, 2024**